**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4320** **01-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിനർഹമായ നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കുന്ന സാഹചര്യം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | GST നഷ്ടപരിഹാരം നിർത്തലാക്കിയത്, റവന്യൂ കമ്മി ഗ്രാന്റ് 2023-24 ന് ശേഷം ലഭ്യമാകാതിരിക്കുന്നത്, സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL മുതലായവ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിൽ ഉൾപ്പെടുത്തുന്നത്, 2017 ആഗസ്റ്റിന് ശേഷം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണയിക്കുന്നതിൽ ഉൾപ്പെടുത്തിയത്, ഡിവിസിബിൾ പൂൾ വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് നിലവിലെ ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറവുണ്ടായത് എന്നിവ മൂലം 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകേണ്ട തുകയിൽ ഏകദേശം 57,000 കോടിയുടെ കുറവുണ്ടാകുമെന്നാണ് അനുമാനിക്കുന്നത്. |
| (ബി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട നികുതി വിഹിതം യഥാസമയം സംസ്ഥാന സർക്കാരിന് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതം ഷെഡ്യൂൾ അനുസരിച്ച് ഇപ്പോൾ ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്നത് 14 ഗഡുക്കളായാണ്. ഇത് ഓരോ മാസവും 10-ാം തീയതിയോട് കൂടിയാണ് ലഭ്യമാവുന്നത്. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4320 - 01/07/2024 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിനർഹമായ നികുതി വിഹിതം

**ചോദ്യം** **ഉത്തരം**

**ശ്രീ വി ജോയി**

**ശ്രീ.കെ.എൻ.ബാലഗോപാൽ**
**(ധനകാര്യ വകുപ്പുമന്ത്രി)**

| നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കുന്ന സാഹചര്യം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | GST നഷ്ടപരിഹാരം നിർത്തലാക്കിയത്, റവന്യൂ കമ്മി ഗ്രാന്റ് 2023-24 ന് ശേഷം ലഭ്യമാകാതിരിക്കുന്നത്, സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL മുതലായവ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിൽ ഉൾപ്പെടുത്തുന്നത്, 2017 ആഗസ്റ്റിന് ശേഷം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണയിക്കുന്നതിൽ ഉൾപ്പെടുത്തിയത്, ഡിവിസിബിൾ പൂൾ വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് നിലവിലെ ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറവുണ്ടായത് എന്നിവ മൂലം 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകേണ്ട തുകയിൽ ഏകദേശം 57,000 കോടിയുടെ കുറവുണ്ടാകുമെന്നാണ് അനുമാനിക്കുന്നത്. |
| (ബി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട നികുതി വിഹിതം | കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതം ഷെഡ്യൂൾ അനുസരിച്ച് ഇപ്പോൾ |

| | | |
|---|---|---|
| | യഥാസമയം സംസ്ഥാന സർക്കാരിന് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്നത് 14 ഗഡുക്കളായാണ്. ഇത് ഓരോ മാസവും 10-ാം തീയതിയോട് കൂടിയാണ് ലഭ്യമാവുന്നത്. |

**സെക്ഷൻ ഓഫീസർ**